## 45സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നമ്പർ. E1-2288/14Kdis.

തീയതി: 08-01-2014

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശ്രീമതി ഗോപിക .പി.ജി ശിശുവികസനപദ്ധതി ഓഫീസർ, തോടന്നൂർ അവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ശ്രീമതി. ഗോപിക .പി.ജി ശിശുവികസനപദ്ധതി ഓഫീസറുടെ 27-12-2013ലെ അപേക്ഷ.

തോടന്നൂർ ശിശുവികസനപദ്ധതി ഓഫീസർ ശ്രീമതി ഗോപിക .പി.ജി ചികിത്സക്കായി 26-12-2013 മുതൽ 03-01-2014 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ വിനിമയ അവധി അനുവദിക്കണമെന്ന് പരാമർശ പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ജീവനക്കാരിയുടെ അപേക്ഷ പരിഗണിച്ച്, തോടന്നൂർ ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. ഗോപിക .പി.ജി ക്ക് 26-12-2013 മുതൽ 03-01-2014 വരെ വിനിമയാവധി അർഹതാവിധേയമായി അനുവദിച്ചും, പൊതു അവധിദിവസമായ 25-12-2013, തീയതി അവധിയ്ക്ക് മുന്നിൽ ചേർക്കുന്നതിനും അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തോടന്നൂർ ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. ഗോപിക .പി.ജി അവധിയിൽ പ്രവേശിച്ചില്ലായിരുന്നുവെങ്കിൽ ഇതേ തസ്തികയിൽ തന്നെ തുടരുമായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു.

26-12-2013 മുതൽ 03-01-2014 വരെയുള്ള ശ്രീമതി. ഗോപിക .പി.ജി യുടെ അവധിക്കാലത്ത് തോടന്നൂർ ശിശുവികസനപദ്ധതി ഓഫീസറുടെ പൂർണ്ണ അധിക ചുമതല ടി പ്രോജക്ടിലെ സൂപ്പർവൈസർ ശ്രീമതി. ഒ.കെ. ശോഭ വഹിച്ചിരുന്നു. ആയതിന് സാധൂകരണം നൽകിയും ഉത്തരവാകുന്നു.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ശ്രീമതി ഗോപിക .പി.ജി
,ശിശുവികസനപദ്ധതി ഓഫീസർ, തോടന്നൂർ
ശ്രീമതി ഒ.കെ. ശോഭ സൂപ്പർവൈസർ , തോടന്നൂർ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ കേരള തിരുവനന്തപുരം.
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോഴിക്കോട്
3. ജില്ലാ പ്രോഗ്രാം ആഫീസർ, കോഴിക്കോട്

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്